**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** **07-10-2021 - ൽ മറുപടിയ്ക്ക്**

**മങ്കട പുഴക്കാട്ടിരി ഐ.ടി.ഐ. കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ യുടെ കെട്ടിട നിർമ്മാണത്തിനായി കൈമാറിക്കിട്ടിയ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (എ) | മങ്കട പഞ്ചായത്തിൽ പുഴക്കാട്ടിരി ഐ.ടി.ഐ.യ്ക്ക് അനുവദിച്ചിരുന്ന സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് വിദഗ്ദ്ധ സമിതി റിപ്പോർട്ട് ചെയ്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പുഴക്കാട്ടിരി ഐ.ടി.ഐ പ്രിൻസിപ്പാളിനെ വ്യാവസായിക പരിശീലന വകുപ്പിൽ നിന്ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. മങ്കട മണ്ഡലത്തിലെ കുറുവ, മൂർക്കനാട് പഞ്ചായത്തുകളിലേയ്ക്ക് പ്രിൻസിപ്പാൾ കത്ത് അയയ്ക്കുകയും നേരിട്ട് ഭരണസമിതിയുമായി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി യോഗത്തിൽ പ്രസ്തുത കാര്യം അജണ്ടയിൽ ചേർത്ത് ചർച്ച ചെയ്ത് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാമെന്നും, രേഖാമൂലമുള്ള മറുപടി നൽകാമെന്നും ഭരണസമിതി പ്രിൻസിപ്പാളിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ദീർഘകാലമായി പുരോഗതി കൈവരിക്കാൻ കഴിയാത്ത ഈ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ